Dated :27/11/ 2019

# ഓച്ചിറ 12 വിളക്ക് - ഗതാഗത ക്രമീകരണം

ഓച്ചിറ 12 വിളക്ക് പ്രമാണിച്ച് ഓച്ചിറയിൽ പോലീസ് ഗതാഗത ക്രമീകരണം ഏർപ്പെടുത്തി.

കൊല്ലം/തിരുവനന്തപുരം ഭാഗത്തുനിന്നും ആലപ്പുഴ ഭാഗത്തേക്ക് പോകുന്ന കെഎസ്ആർടിസി ബസ് ഒഴികെയുള്ള വലിയ വാഹനങ്ങൾ കണ്ണനല്ലൂർ /ടൈറ്റാനിയം ജംഗ്ഷൻ - കാരാളിമുക്ക് - ശാസ്താംകോട്ട - ഭരണിക്കാവ് - ചാരുമ്മൂട് - കായംകുളം/മാവേലിക്കര വഴിയും

ആലപ്പുഴ നിന്നും കൊല്ലം ഭാഗത്തേക്ക് വരുന്ന കെഎസ്ആർടിസി ബസ് ഒഴികെയുള്ള വലിയ വാഹനങ്ങൾ കായംകുളം - ചാരുമ്മൂട് - ചക്കുവള്ളി - ഭരണിക്കാവ് - ചവറ / കടപുഴ വഴിയും

കരുനാഗപ്പള്ളിയിൽ നിന്നും കായംകുളത്തേക്ക് പോകുന്ന ചെറിയ വാഹനങ്ങൾ ചങ്ങൻകുളങ്ങരയിൽ നിന്നും ഇടത്തോട്ട് (പടിഞ്ഞാറ്) തിരിഞ്ഞ് തോട്ടത്തിൽ മുക്ക് - ഇടയനമ്പലം - പ്രയാർ - പുതുപ്പള്ളി - വടക്കേ ആഞ്ഞിലിമൂട് വഴി കായംകുളം കെപിഎസി ജംഗ്ഷനിലും

കായംകുളത്തുനിന്നും കരുനാഗപ്പള്ളിയിലേക്ക് വരുന്ന ചെറിയ വാഹനങ്ങൾ കായംകുളം - രാംകുറ്റി - ചൂനാട് - കാമ്പിശ്ശേരി വഴി പുതിയകാവിലും എത്തിച്ചേരേതാണ്.

വലിയവാഹനങ്ങളുടെ ക്രമീകരണം ഉച്ചയ്ക്ക് 2 മണിക്കും ചെറിയവാഹനങ്ങളുടെ ക്രമീകരണം 3 മണിക്കും ആരംഭിക്കുന്നതാണ്.